# പരിസ്ഥിതി ഞായർ 2018

## സൃഷ്ടി ദൈവത്തിന്റെ മഹത്വം വർണ്ണിക്കുന്നു

**സദൃശവാക്യങ്ങൾ 8: 22-31; സങ്കീർത്തനം 19; വെളിപ്പാട് 21: 1-8; ലൂക്കോസ് 8: 22-25**

---

*പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ തന്നെ, ആമെൻ.*

കഥകൾ ഇഷ്ടപ്പെടാത്തവരായി ആരും തന്നെയില്ല. നമ്മുടെയൊക്കെ കുഞ്ഞുനാൾ മുതൽ എത്രയോ കഥകൾ ശ്രവിച്ചാണു നാം വളർന്നതു. ചില കഥകൾ രാജകൊട്ടാരങ്ങളിലെ രാജാക്കൻമാരെയും രാജ്ഞിമാരെയും കുറിച്ചായിരുന്നെങ്കിൽ മററു ചിലതു കാട്ടിലെ മൃഗങ്ങളെയും പക്ഷികളെയും കുറിച്ചായിരുന്നു. വേറെ ചിലതു ഉന്നത മൂല്യവും ഉത്തമ സ്വഭാവവും പഠിപ്പിക്കുന്ന മൂല്യാധിഷ്ഠിതമായ കഥകളായിരുന്നു. ഒരു പക്ഷെ, നാം കേട്ടിട്ടുള്ള വിവിധയിനം കഥകളുടെ കൂട്ടത്തിൽ നമ്മെ എററവും കോരിത്തരിപ്പിച്ചതു സൂപ്പർമാൻ സ്പൈഡർമാൻ ബാററ്മാൻ എന്നിവരുടെയും, ഷെർലോക്ക് ഹോംസ് ഹാർഡി ബോയ്സ്, ത്രീ ഇൻവെസ്റ്റിഗേററർസ്, ഫേമസ് ഫൈവ് എന്നിവരുടെയും കുററാന്വേഷണകഥകൾ ഒക്കെ ഉൾപ്പെടുന്ന സാഹസകഥകൾ ആയിരിക്കാം. സാഹസകഥകളിൽ എല്ലാവരും ഏറെ ഇഷ്ടപ്പെടുന്ന കഥകളാണു കടലുമായി ബന്ധപ്പെട്ടു വള്ളവും കപ്പലും, അവയുടെ സാഹസികമായ യാത്രകളും, ഇരുണ്ടുപൊങ്ങുന്ന കോളും ആഞ്ഞടിക്കുന്ന കൊടുംകാററും ആർത്തലക്കുന്ന തിരമാലയും, അവയിൽപ്പെട്ടു തകരുവാൻ പോകുന്ന കപ്പലുകളും, അവയോടു മല്ലിടുന്ന സാഹസികരായ കപ്പിത്താൻമാരും തുഴക്കാരും, അവസാനം അൽഭുതകരമായ രക്ഷപെടലും ഉൾപ്പെടുന്ന ത്രസിപ്പിക്കുന്ന സാഹസകഥകൾ.

സത്യവേദപുസ്തകത്തിലും കടലുമായും പ്രളയവുമായും ഒക്കെ ബന്ധപ്പെട്ടു കിടക്കുന്ന ഇതുപോലെ സാഹസകിമായ അനവധി സംഭവ കഥകളുണ്ടു. പഴയനിയമത്തിൽ നോഹയും കുടുംബവും പ്രളയത്തിൽ നിന്നു രക്ഷ നേടുന്നതും, മോശയും യിസ്രായേൽ മക്കളും ചെങ്കടൽ കടക്കുന്നതും, യോനാ പ്രവാചകനും കപ്പലിലെ മററു യാത്രക്കാരും ഭീകരമായ കാററിനേയും കോളിനേയും അഭിമുഖീകരിക്കുന്നതും, പുതിയനിയമത്തിൽ യേശു കാററിനേയും കോളിനേയും ശാന്തമാക്കുന്നതും, യേശു കടലിന്റെ മുകളിൽ കൂടി നടക്കുന്നതും, പൗലോസും കപ്പൽജീവനക്കാരും പട്ടാളക്കാരും ഒക്കെ സമുദ്ര മദ്ധ്യേ ആഞ്ഞടിക്കുന്ന കാററിലും കോളിലും നിന്നു രക്ഷപെടുന്നതുമൊക്കെ നമുക്കു ഏവർക്കും സുപരിചിതമായ സംഭവങ്ങളാണു. ഇതിൽ ഏറെ പരിചിതമായ സംഭവമാണു വിശുദ്ധ ലൂക്കോസ് എഴുതിയ സുവിശേഷം 8-ാം അദ്ധ്യായം 22 മുതൽ 25 വരെയുള്ള വാക്യങ്ങളിലും വിശുദ്ധ മത്തായി എഴുതിയ സുവിശേഷം 8-ാം അദ്ധ്യായം 23 മുതൽ 27 വരെയുള്ള വാക്യങ്ങളിലും വിശുദ്ധ മർക്കോസ് എഴുതിയ സുവിശേഷം 4-ാം അദ്ധ്യായം 35 മുതൽ 41 വരെയുള്ള വാക്യങ്ങളിലും രേഖപ്പെടുത്തിയിരിക്കുന്ന കാററിനേയും കോളിനേയും യേശു ശാന്തമാക്കുന്ന സംഭവം.

ഈ സംഭവത്തിൽ യേശുവും ശിഷ്യന്മാരും പടകിൽ കയറി ഗലീല കടലിന്റെ അക്കരെക്കു യാത്ര ചെയ്യുന്നു, പടകിൽ കയറിയ ഉടനെ തന്നെ യേശു ഉറങ്ങുന്നു, യാത്രാമദ്ധ്യേ, കടലിൽ ചുഴലിക്കാററു രൂപപ്പെടുന്നു, അതിൽപ്പെട്ടു പടകിൽ വെള്ളം നിറയുന്നു, ഇതു കണ്ടു ശിഷ്യന്മാർ പ്രാണഭയത്തിലാകുന്നു. പടകു മുങ്ങുമെന്നും തങ്ങൾ നശിച്ചു പോകുമെന്നും ഭയപ്പെടുന്ന ശിഷ്യൻമാർ,

സുഖനിദ്രയിൽ ആയിരുന്ന യേശുവിനെ ഉണർത്തി തങ്ങൾ നശിച്ചു പോകുന്നതിൽ അവനു വിചാരമില്ലയോ എന്നു ചോദിക്കുന്നു. ഉണർന്നെഴുന്നേൽക്കുന്ന യേശു കാററിനെയും കോളിനേയും ശാസിക്കുന്നു, ശാന്തമാക്കുന്നു. ഇതു കണ്ടു അൽഭുതപരതന്ത്രരായി നിൽക്കുന്ന ശിഷ്യരോടു അവരുടെ വിശ്വാസത്തെ കുറിച്ചു യേശു ചോദിക്കുന്നു. ശിഷ്യൻമാരോ, കാററും വെള്ളവും പോലും അനുസരിക്കുവാൻ തക്കവണ്ണം ആധികാരികമായി അവയോടു കൽപ്പിക്കുന്ന യേശു സത്യത്തിൽ ആരാണു എന്നു തമ്മിൽ തമ്മിൽ പറഞ്ഞു ആശ്ചര്യപ്പെടുന്നു.

ഈ ഭാഗത്തെ അധാരമാക്കി അനേക പ്രസംഗങ്ങൾ നാം കേട്ടിട്ടുണ്ടെങ്കിലും ഇന്നു പരിസ്ഥിതി ഞായർ ആയതിനാൽ ഇന്നു നമുക്കു ലഭിച്ചിരിക്കുന്ന ചിന്താവിഷയമായ ***'സൃഷ്ടി ദൈവത്തിന്റെ മഹത്വം വർണ്ണിക്കുന്നു'*** എന്നതിനെ അടിസ്ഥാനമാക്കി 5 ചിന്തകൾ നിങ്ങളുമായി പങ്കുവെക്കാം എന്നു വിചാരിക്കുന്നു. <u>**മഹത്വം**</u> എന്നതിന്റെ ഇംഗ്ളീഷ് വാക്കായ <u>**'G-L-O-R-Y'**</u> എന്ന പദത്തിന്റെ അഞ്ചു അക്ഷരങ്ങളിൽ ആരംഭിക്കുന്ന ലളിതമായ <u>**അഞ്ചു**</u> ചിന്തകൾ മാത്രം പങ്കുവെക്കട്ടെ.

1. **God of Creation (സൃഷ്ടാവായ ദൈവം: സകലത്തിന്റെയും അധികാരി )**

കാണപ്പെടുന്നതും കാണപ്പെടാത്തതുമായ സകലത്തിന്റെയും സൃഷ്ടാവായ ദൈവം സകലത്തിന്റെയും മേൽ അധികാരമുള്ളവനുമാണു. ഇന്നു വായിച്ചു കേട്ട സുവിശേഷ ഭാഗത്തിൽ ആഞ്ഞടിക്കുന്ന കാററിനെയും ആർത്തിരമ്പുന്ന കടലിനേയും ശാസിച്ചു ശാന്തമാക്കുന്ന യേശുവിനെ കാണുന്നു. ഇതു വായിക്കുമ്പോൾ നമുക്കു ഓർമ്മ വരുന്നതു ഉൽപ്പത്തി പുസ്തകത്തിൽ സൃഷ്ടിയുടെ ആരംഭത്തിൽ വെള്ളത്തിൻ മീതെ പരിവർത്തിച്ചു ഈ ഭൂമിയേ ക്രമരാഹിത്യത്തിൽ നിന്നു ക്രമത്തിലേക്കു നയിച്ച ദൈവത്തെയാണു. തുടർന്നു, നോഹയുടെ കാലത്തു സംഭവിക്കുന്ന പ്രളയത്തിലും മോശയുടെ കാലത്തു വിഭാഗിക്കപ്പെടുന്ന ചെങ്കടലിലും കാണുന്നതു തന്റെ സൃഷ്ടിയുടെ മേൽ അധികാരമുള്ളവനയ ദൈവത്തെയാണു. ദൈവത്തെ സംബന്ധിച്ചിടത്തോളം 'ശാസിക്കുക' *(to rebuke)* എന്ന വാക്കു വളരെ ശക്തിയോടെയുള്ള അധികാരത്തെ സൂചിപ്പിക്കുന്നു. ഉദാഹരണത്തിനു, *"വെള്ളം പർവ്വതത്തിനു മീതെ നിന്നു. അവ നിന്റെ ശാസനയാൽ ഓടിപ്പോയി."* (സങ്കീ. 104: 6, 7). ഇയ്യോബിന്റെ പുസ്തകം 26 -ാം അദ്ധ്യായം 12 -ാം വാക്യത്തിലും തന്റെ ശക്തിയാൽ സമുദ്രത്തെ ഇളക്കുന്ന ദൈവത്തെ കാണുന്നു. 29 -ാം സങ്കീർത്തനത്തിൽ സമുദ്രത്തിന്റെയും പർവ്വതത്തിന്റെയും വനത്തിന്റെയും മരുഭൂമിയുടെയും മേൽ അധികാരമുള്ള ദൈവത്തെ നാം കാണുന്നു. ഇന്നത്തെ സുവിശേഷഭാഗത്തിൽ കാണുന്നതും തന്റെ അധികാരം ഉപയോഗിച്ചു ക്രമരാഹിത്യത്തിൽ നിന്നു ക്രമത്തിലേക്കും, അശാന്തതയിൽ നിന്നു ശാന്തതയിലേക്കും തന്റെ സൃഷ്ടിയേ നയിക്കുന്ന യേശുവിനെയാണു.

മനുഷ്യനെ കുറിച്ചു ദൈവം ആഗ്രഹിക്കുന്നതും ദൈവത്തിന്റെ അധികാരത്തിനു കീഴ്പ്പെട്ടിരിക്കുവാനും സർവ്വസൃഷ്ടിയുടെയും മേൽ അവനുള്ള അധികാരത്തെ അംഗീകരിക്കുവാനുമാണു. ദൈവത്തിന്റെ സൃഷ്ടിയുടെ മേൽ ദൈവത്തിനുള്ള അധികാരത്തെ അപഹരിച്ചു മനുഷ്യൻ പ്രകൃതിയേ സ്വന്തം താൽപര്യങ്ങൾക്കായി ചൂഷണം ചെയ്യുമ്പോൾ അതു ചെന്നു എത്തുന്നതു ക്രമരാഹിത്യത്തിലും അശാന്തതയിലും പ്രകൃതി ദുരന്തങ്ങളിലുമാണു. ഇന്നു ജനിതക മാററം വരുത്തിയ വിത്തുൽപാദനത്തിലൂടെയും *(Genetically Modified Crops)* വലിയ അണക്കെട്ടുകൾ നിർമ്മിച്ചു വെള്ളത്തിന്റെ ഒഴുക്കു തടയുന്നതിലൂടെയും അനിയന്ത്രിതമായ വന

നശീകരണത്തിലൂടെയും കുന്നുകളും തണ്ണീർത്തടങ്ങളും നികത്തുന്നതിലൂടെയും നാം നമ്മുടെ സ്വാർത്ഥപരമായ താൽപര്യങ്ങൾക്കായി പ്രകൃതിയെ ചൂഷണം ചെയ്യുമ്പോൾ, സത്യത്തിൽ ദൈവത്തിന്റെ ക്രമസമ്പന്നമായ അധികാരത്തിലേക്കു അതിക്രമിച്ചു കടന്നു ആ അധികാരത്തെ നാം ദുർവിനിയോഗം ചെയ്യുകയാണു. ഇന്നത്തെ ആരാധനയിലൂടെ നമുക്കുണ്ടാകേണ്ട തിരിച്ചറിവു സൃഷ്ടാവായ ദൈവത്തിനു മാത്രമാണു നമ്മുടെ മേലും നമ്മുടെ സഹസൃഷ്ടിയുടെ മേലും അധികാരമുള്ളതെന്നാണു. എവിടെ ദൈവീക അധികാരം ചോദ്യം ചെയ്യപ്പെടുന്നോ, അതു കുടുംബത്തിലായാലും സഭയിലായാലും സമൂഹത്തിലായലും പ്രകൃതിയിലായാലും അവിടെ ദുരന്തങ്ങളുണ്ടാകും എന്നു നാം മറക്കരുതു. സകലത്തെയും സൃഷ്ടിച്ചവനും സകല സൃഷ്ടിയുടെയും മേൽ അധികാരമുള്ളവനും തന്റെ അധികാരത്തിലൂടെ സകല സൃഷ്ടിയേയും ക്രമത്തിലേക്കും ശാന്തതയിലേക്കും നയിക്കുവാൻ പ്രാപ്തിയുള്ളവനുമായ യേശുവിനോടൊപ്പം ജിവിത പടകിൽ യാത്ര ചെയ്യുന്നവരായ നാം, അധികാരം ലഭിച്ച ഉടമകളല്ല, പ്രത്യുത, നിയോഗം ലഭിച്ച കാര്യസ്ഥർ മാത്രമാണു. .

2. **Littering Creation ( മലിനീകരിക്കപ്പെടുന്ന സൃഷ്ടി: മനുഷ്യന്റെ പാപം )**

നമുക്കു അറിയാവുന്നതു പോലെ 'Littering' അഥവ പ്ളാസ്റ്റിക്, വെള്ളക്കുപ്പികൾ, കളിപ്പാട്ടങ്ങൾ, ഉപയോഗ ശൂന്യമായ ഇൽക്ട്രോണിക് സാധനങ്ങൾ, കുപ്പിച്ചില്ലുകൾ, കടലാസ്സു, ഭക്ഷണ പൊതികൾ, ഭക്ഷണ പദാർത്ഥങ്ങൾ തുടങ്ങിയ ചപ്പു ചവറുകൾ പൊതു സ്ഥലങ്ങളിൽ വലിച്ചെറിയുന്നതു നിയമപരമല്ലെന്നു മാത്രമല്ല അപകടകരവും അധർമ്മവുമാണു. ബീച്ചുകൾ, പാർക്കുകൾ, ചന്തസ്ഥലങ്ങൾ, വഴിയോരങ്ങൾ തുടങ്ങിയ പൊതു സ്ഥലങ്ങളിൽ പലയിടങ്ങളിൽ 'പ്ളാസ്റ്റിക് നിരോധിത മേഖല' *(Plastic Free Zone)* എന്നു എഴുതിയിരിക്കുന്ന നിർദേശ ഫലകങ്ങൾ  വച്ചിട്ടുണ്ടു. കാരണം, ആ നിർദേശം ലംഘിച്ചാൽ പ്രകൃതി മലിനീകരിക്കപ്പെടും, രോഗങ്ങളും പകർച്ചവ്യാധികളും പൊട്ടിപ്പുറപ്പെടും, കരയിലും വായുവിലും വെള്ളത്തിലും ചരിക്കുന്ന സകല ജീവികളുടെയും ജീവൻ അപകടത്തിലാകും. ഉദാഹരണത്തിനു, നാം വലിച്ചെറിയുന്ന പ്ളാസ്റ്റിക് ഉൽപ്പന്നങ്ങൾ, ആഹാരമാണന്നു തെററിദ്ധരിച്ചു അതു ഭക്ഷിച്ചു എത്രയോ മൃഗങ്ങളും പക്ഷികളും സമുദ്ര ജീവികളും ചാകുന്നു? അതുകൊണ്ടാണു ഐക്യ രാഷ്ട്ര സംഘടനയുടെ പരിസ്ഥിതി വിഭാഗമായ യുണൈററഡ് നേഷൻസ് എൻവയോൺമന്റ് പ്രോഗ്രാം **(***United Nations Environment Programme / UNEP)* 2018 ലോക പരിസ്ഥിതി ദിനത്തിന്റെ ചിന്താവിഷയമായി 'പ്ളാസ്റ്റിക് മലിനീകരണത്തെ തോൽപ്പിക്കുക' *(Beat Plastic Pollution)* എന്ന മുദ്രാവാക്യം തെരഞ്ഞെടുത്തതു. ഈ  വർഷത്തെ പരിസ്ഥിതി ദിനാത്തോടനുബന്ധിച്ചു നടത്തപ്പെടുന്ന ഈ പരിസ്ഥിതി ഞായർ ആരാധനയിലൂടെ പ്ളാസ്റ്റിക്കും മററു ചപ്പുചവറുകളും വലിച്ചെറിഞ്ഞു പ്രകൃതിയെ മലിനമാക്കുവാൻ  കാരണമാകുന്ന നമ്മുടെ അലസതയേയും നിരുത്തരവാദപരമായ പെരുമാററത്തയും ഉപേക്ഷിക്കുവാനുള്ള തീരുമാനമെടുക്കാം.

അത്മീയ കാഴ്ച്ചപ്പാടിൽ, പ്ളാസ്റ്റിക്കും മററു ചപ്പു ചവറുകളും വലിച്ചെറിഞ്ഞു പ്രകൃതിയേ മലിനപ്പെടുത്തുമ്പോൾ ദൈവീക മഹത്വം വിളങ്ങുന്ന പ്രകൃതിയേ തന്നെയാണു നാം നിന്ദിക്കുന്നതു. അതിലൂടെ ദൈവിക മഹത്വത്തെയും ദൈവത്തേ തന്നെയും നിന്ദിക്കുകയാണു. അതുകൊണ്ടു ഈ ദുഷ്കർമ്മം ഒരു നിയമ ലംഘനം എന്നതിലുപരി ദൈവത്തോടും അവന്റെ സൃഷ്ടിയോടും നാം ചെയ്യുന്ന പാപം തന്നെയാണു. ഇതിനെ പാരിസ്ഥിതിക പാപം *(Ecological Sin)*  എന്നു വിളിക്കാം. ഇന്നത്തെ സുവിശേഷ ഭാഗത്തിൽ കാററും കോളും തിരമാലയും അപകടകരമായി വർദ്ധിച്ചപ്പോൾ പടകിൽ വെള്ളം നിറഞ്ഞപ്പോൾ ശിഷ്യന്മാർ ഭയപ്പെട്ടു നിലവിളിക്കുന്നു *"ഞങ്ങൾ നശിച്ചു പോകുന്നു"*. യഥാർത്ഥത്തിൽ

പ്രാണഭയത്തോടു കൂടെയുള്ള ഈ നിലവിളി ഇന്നും മുഴങ്ങി കേൾക്കുന്നു. മാനവരാശി ചെയ്യുന്ന പാരിസ്ഥിതിക പാപത്തിന്റെ അനന്തരഫലമായി കരയും വായുവും വെള്ളവും മലിനീകരിക്കപ്പെടുമ്പോൾ, തത്ഫലമായി മൃഗങ്ങളും പറവകളും മൽസ്യങ്ങളും ഒക്കെ വംശനാശം നേരിടുമ്പോൾ, അവർ നിലവിളിക്കുകയാണു *"ഞങ്ങൾ നശിച്ചു പോകുന്നു"*. ഭാരതത്തിൽ ക്രിക്കററ് താരമായ ഹാർദിക് പാണ്ഡ്യാ ഒരു ഓവർ എറിയുന്നതിലും കുറച്ചു സമയം കൊണ്ടു ഠൺ കണക്കിനു മാലിന്യങ്ങൾ നിറച്ച 4 ലോറികൾ സമുദ്രത്തിലേക്കു ആ മാലിന്യങ്ങൾ നിക്ഷേപിക്കുന്നു എന്നതു ഏറെ ഉൽകണ്ഠ ഉയർത്തുന്ന ഒരു കണക്കാണു. ഇവിടെ ഒരു വിശ്വാസ സമൂഹം എന്ന നിലയിൽ, ഉത്തരവാദിത്വങ്ങൾ ഉണ്ട്. ***ഒന്നാമതു*** ഈ പാരിസ്ഥിതിക പാപം ചെയ്യാതിരിക്കുവാനും ***രണ്ടാമതു*** പടകു മുങ്ങിപോകാതെ കാററിനേയും കോളിനേയും യേശു നിശ്ചലമാക്കിയതു പോലെ, നമ്മുടെയും സർവ്വ ചരാചരങ്ങളുടേയും ജീവിതമാകുന്ന പടകിനെ തകർക്കുകയും മുക്കുകയും ചെയ്യുന്ന എല്ലാ തരത്തിലുമുള്ള മലിനീകരണത്തെ 'നിശ്ചലമാക്കുവാനും'.

### 3. Obligation to Creation ( നിയോഗിക്കപ്പെടുന്ന ദൗത്യം: പാരിസ്ഥിതിക സമൂഹങ്ങളുടെ നീതി )

തിബര്യാസ് എന്നും ഗന്നസരേത്ത് എന്നും അറിയപ്പെടുന്ന ഗലീലക്കടൽ സത്യത്തിൽ സമുദ്ര ന്നിരപ്പിൽ നിന്നും 680 അടി താഴ്ചയിൽ ഉള്ള ഒരു ചെറിയ തടാകം മാത്രമാണു. പർവ്വത നിരകളാൽ ചുററപ്പെട്ട ഈ തടാകത്തിലെയും കരയിലേയും താപനിലയിലും ഊഷ്മാവിലുമുള്ള വ്യതിയാനം നിമിത്തം ഉൽഭവിക്കുന്ന കാററു സമ്മർദ്ദമേറി ശക്തിപ്രാപിച്ചു ഒരു ന്യൂനമർദ്ദമായി കൊടുംകാററാകുന്ന പ്രതിഭാസം സർവ്വസാധാരണമായിരുന്നു. എന്നാൽ, ആ കാററു ഏററവും അപകടകരമാകുന്നതു തടാകം ചെറുതായതിനാലും ചില ഇടങ്ങളിൽ ആഴം ഏറെ കുറവായതിനാലും അങ്ങനെ ആഴം കുറഞ്ഞ ഇടങ്ങളിൽ കാററിന്റെ ശക്തി അപ്രതീക്ഷിതമായി വളരെ അധികം വർദ്ധിക്കുന്നതിനാലും ആയിരിന്നു. അപ്രകാരം ഉളവായ അപ്രതീക്ഷിതവും അതിശക്തവും അപകടകരവുമായ കാററിൽ പടകു തകർന്നു തങ്ങളുടെ ജീവൻ തന്നെ നഷ്ടപ്പെടുമെന്നു ശിഷ്യന്മാർ ഭയപ്പെട്ട കാററിനെയാണു യേശു ശാന്തമാക്കുന്നതു. എന്നാൽ ഇവിടെ ശ്രദ്ധിക്കേണ്ട സംഭവം, പ്രത്യേകിച്ചു വിശുദ്ധ മർക്കോസ് എഴുതിയ സുവിശേഷം വായിച്ചാൽ വ്യക്തമാകുന്നതു, ആ ശക്തമായ കാററിൽ പെട്ടതു യേശുവും ശിഷ്യൻമാരും സഞ്ചരിച്ച പടകു മാത്രമല്ല, അവിടെ മൽസ്യബന്ധനത്തിൽ ഏർപ്പെട്ടിരുന്ന മററു പടകുകൾ കൂടെയാണു. സ്വാഭാവികമായും, അവരും നിലവിളിച്ചിരുന്നിരിക്കണം *"ഞങ്ങൾ നശിച്ചു പോകുന്നു"*. അങ്ങനെയെങ്കിൽ യേശു കാററിനെയും കടലിനേയും ശാന്തമാക്കിയപ്പോൾ ശാന്തമായതു ആ മൽസ്യത്തൊഴിലാളികളുടെ ഭയത്തോടെയുള്ള നിലവിളികളെ കൂടെയാണു.

കടലുമായി ബന്ധപ്പെട്ടു ജീവിക്കുന്ന ആ പരിസ്ഥിതി ജനതയേ സംബന്ധിച്ചിടത്തോളം ഓരോ ദിവസവും കടലിലേക്കുള്ള യാത്ര നടുകടലിൽ മരണത്തെ മുഖാമുഖം കാണുന്ന യാത്ര ആയിരിന്നുവെങ്കിൽ, ഈ ദിവസത്തെ യാത്ര വ്യത്യസ്തമായിരുന്നു. കാരണം, അന്നുവരെ നിരന്തരമായി അനുഭവിച്ച ഭയത്തിൽ നിന്നും ആശങ്കയിൽ നിന്നും അവർക്കു വിമോചനം ലഭിച്ചു. ഇതു തന്നെയാവണം പരിസ്ഥിതി ആത്മിയതയിൽ നമുക്കും ഉണ്ടായിരിക്കേണ്ട പ്രധാനപ്പെട്ട ഒരു ശാക്തീകരണം. മഴവെള്ളക്കുഴികൾ കുഴിച്ചതു കൊണ്ടോ വൃക്ഷത്തൈകൾ വെച്ചു പിടിപ്പിച്ചതു കൊണ്ടോ പരിസ്ഥിതി പ്രവർത്തനം പൂർണ്ണമായി എന്നു വിചാരിച്ചാൽ അതു തെററാണു. മണ്ണുമായി ബന്ധപ്പെട്ടു ജീവിക്കുന്ന ദലിതരും, കാടുമായി ബന്ധപ്പെട്ടു ജീവിക്കുന്ന ആദിവാസി/ഗോത്ര വർഗ്ഗക്കാരും,

കടലുമായി ബന്ധപ്പെട്ടു ജീവിക്കുന്ന മുക്കുവരും ഉൾപ്പെടുന്ന പാരിസ്ഥിതിക ജനത അവരുടെ നേർക്കു ആഞ്ഞടിക്കുന്ന കൊടുങ്കാററുകൾക്കും തിരമാലകൾക്കും നേരെ പൊരുതുമ്പോൾ സഭ എവിടെയാണു? സ്വത്വത്തിനായും വിമോചനത്തിയും പരിസ്ഥിതി ജനത സന്ധിയില്ലാസമരങ്ങൾ ചെയ്യുമ്പോൾ ഈ പോരാട്ടത്തിൽ അവരോടൊപ്പം ആണിചേർന്നില്ലെങ്കിൽ നമ്മുടെ പരിസ്ഥിതി സ്നേഹം കപടമാണു. സഭയ്ക്കു ലഭിച്ചിരിക്കുന്ന നിയോഗവും പാരിസ്ഥിതിക ദൗത്യവും പാരിസ്ഥിതിക ജനതയുടെ നീതിക്കായുള്ള പോരാട്ടങ്ങളിൽ പങ്കുചേരുവാനാണു. ഈ ജനത അഭിമുഖീകരിക്കുന്ന 'കൊടുങ്കാററുകളേയും' 'തിരമാലകളെയും' അതിശക്തമായി ശാസിക്കുവാനും ശമിപ്പിക്കുവാനും അവരോടൊപ്പം പങ്കുചേരാം. യേശു കാണിച്ച ആർജ്ജവം നമുക്കും കാണിക്കാം.

## 4. Redemption of Creation ( തുടരുന്ന രക്ഷാ പദ്ധതി: സർവ്വ സൃഷ്ടിയുടെയും വിമോചനം)

യേശു തന്റെ ശിഷ്യന്മാരോടു 'അക്കരെക്കു' പോകാം എന്നു പറയുമ്പോൾ ആ ക്ഷണം ഒരിക്കലും പച്ചപ്പട്ടു പുതച്ച പുൽമേടുകൾ കണ്ടു രസിക്കുവാനും കളകളം ഒഴുകുന്ന അരുവികളിൽ മുങ്ങി കുളിക്കുവാനും ലല്ലലലം പാടി വരുന്ന തെന്നലിന്റെ മൃദു തലോടൽ ആസ്വദിക്കാനും വേണ്ടി ഒരു പരിസ്ഥിതി വിനോദയാത്രക്കുള്ള ക്ഷണമല്ലായിരുന്നു. പ്രത്യുതാ, തന്റെ രക്ഷാ പദ്ധതിയിൽ പങ്കാളികളാകാനുള്ള ക്ഷണമായിരുന്നു. അക്കര എത്തുന്ന യേശുവും ശിഷ്യരും പടകിൽ നിന്നു ഇറങ്ങുമ്പോൾ അവരെ എതിരേൽക്കുന്നതു ബഹുകാലമായി ഭൂതങ്ങൾ ബാധിച്ചു വസ്ത്രം ധരിക്കതെ ശവക്കല്ലറകളിൽ മാത്രം പാർക്കുന്ന ലെഗ്യോൻ ആണു. യേശു അവനെ സൗഖ്യമാക്കിയതിനു ശേഷം നാം അവനെ കാണുന്നതു വസ്ത്രം ധരിച്ചു സുബോധം പൂണ്ടു യേശുവിന്റെ കാൽക്കൽ ഇരിക്കുന്നവനായിട്ടാണു. അതിന്നു ശേഷം ഗലീലയിൽ മടങ്ങിയെത്തുന്ന യേശുവിനെ കാത്തിരിക്കുന്നതു പന്ത്രണ്ടു സംവത്സരങ്ങളായി രക്തസ്രാവം ബാധിച്ച് ജീവിച്ച ഒരു സ്ത്രീയും യായിറോസ് എന്ന പള്ളിപ്രമാണിയുടെ മരണസന്നയായി കിടക്കുന്ന പന്ത്രണ്ടു വയസ്സുകാരി മകളുമായിരുന്നു. രക്തസ്രാവം ബാധിച്ച സ്ത്രീ യേശുവിന്റെ വസ്ത്രത്തിന്റെ തൊങ്ങലിൽ തൊട്ടു സൗഖ്യം പ്രാപിക്കുന്നു. യായിറോസിന്റെ മരിച്ചു പോയ മകളുടെ കൈക്കു പിടിച്ചു യേശു അവളെ ഉയർപ്പിക്കുന്നു. വിശുദ്ധ മത്തായി എഴുതിയ സുവിശേഷത്തിൽ ഗലീലയിൽ മടങ്ങി എത്തുന്ന യേശു ഒരു പക്ഷവാതക്കാരന്റെ പാപം മോചിക്കുകയും അവനെ സൗഖ്യമാക്കുകയും ചെയ്യുന്നു. ഇന്നു പരിസിതി ഞായറായി ആചരിക്കുമ്പോൾ കാററിനെയും കടലിനേയും ശാന്തമാക്കിയതിനു ശേഷം അക്കരയും ഇക്കരെയും യേശു ചെയ്യുന്ന ഈ അൽഭുതങ്ങളുടെ പ്രസക്തി എന്താണു?

ഇന്നു ഒരു കൂട്ടർ പരിസ്ഥിതി പ്രവർത്തനങ്ങൾക്കു നമ്മുടെ ആത്മീയ ശുശ്രൂഷകളിൽ ഒരു പ്രസക്തിയും ഇല്ലെന്നും വേദപുസ്തകത്തിലും യേശുവിന്റെ ശുശ്രൂഷകളിലും പരിസ്ഥിതി പ്രവർത്തനങ്ങൾക്കു യതൊരു സ്ഥാനവും ഇല്ലെന്നും വാദിക്കുമ്പോൾ മറുകൂട്ടർ ആത്മീയ ശുശ്രൂഷകളിൽ ഏററവും പ്രസക്തം പരിസ്ഥിതി പ്രവർത്തനമാണെന്നും അതിന്നു വേണ്ടി പരമാവധി സമയവും താലന്തും വിഭവങ്ങളും വിനിയോഗിക്കണമെന്നും ശഠിക്കുന്നു. എന്നാൽ യേശുവിനെ സംബന്ധിച്ചിടത്തോളം അക്കരെ നടക്കുന്ന അത്ഭുതവും ഇക്കരെ നടക്കുന്ന അത്ഭുതവും രണ്ടു കരയുടെയും മദ്ധ്യത്തിൽ കടലിൽ നടക്കുന്ന അത്ഭുതവും തന്റെ വിപുലമായ രക്ഷാ പദ്ധതിയുടെ ഭാഗമായിരുന്നു. കാററിനെ ശാന്തമാക്കുന്നതിനും ലെഗ്യോനെ വിമോചിപ്പിക്കുന്നതിനും രക്ത്സ്രാവം ബാധിച്ച സ്ത്രീയെ സൗഖ്യമാക്കുന്നതിനും ബാലയെ ഉയർപ്പിക്കുന്നതിനും പക്ഷവാതക്കാരന്റെ പാപം മോചിച്ചു അവനെ വിടുവിക്കുന്നതിനും യേശുവിന്റെ രക്ഷപദ്ധതിയിൽ അതിന്റേതായ

പ്രസക്തിയുണ്ടായിരുന്നു. ക്രിസ്തുവിന്റെ അനുയായികൾ എന്നു അവകാശപ്പെടുന്ന സഭ തീർച്ചയായും പരിസ്ഥിതി പ്രവർത്തനങ്ങളിൽ ഏർപ്പെടണം, പക്ഷെ, അതു സകല സൃഷ്ടിക്കുമായി ദൈവം ഒരുക്കിയിരിക്കുന്ന രക്ഷാ പദ്ധതിയുടെ ഭാഗമാണെന്ന തിരിച്ചറിവോടു കൂടി ആയിരിക്കണം. വിശുദ്ധ പൗലോസ് റോമർക്കു എഴുതിയ ലേഖനം 8 -ാം അദ്ധ്യായം 22 -ാം വാക്യത്തിൽ പറയുന്നതു പോലെ, *"സർവ്വസൃഷ്ടിയും ഇന്നു വരെ ഒരു പോലെ ഞരങ്ങി ഈററുനോവോടിരിക്കുന്നു".* ദൈവം സർവ്വ സൃഷ്ടിക്കുമായി ഒരുക്കിയിരിക്കുന്ന രക്ഷയെ കുറിച്ചുള്ള ബോദ്ധ്യമില്ലാതെ ചെയ്യുന്ന ഏതു ശുശ്രൂഷയും, അതു സമൂഹിക സേവനമാണെങ്കിലും പരിസ്ഥിതി പ്രവർത്തനമാണെങ്കിലും വ്യർത്ഥമാവാണു. ഓർക്കുക, ദൈവം നമ്മേ വിളിച്ചിരിക്കുന്നതു ചില സൽകർമ്മങ്ങൾ ചെയ്യുന്ന രാഷ്ട്രീയ-സാമൂഹ്യ-പരിസ്ഥിതി പ്രവർത്തകരായിട്ടല്ല, മറിച്ചു, സർവ്വ സൃഷ്ടിയേയും വീണ്ടെടുക്കുവാനുള്ള തന്റെ രക്ഷാപദ്ധതിയിൽ പങ്കാളികളാകേണ്ട ശിഷ്യഗണത്തിന്റെ ഭാഗമായിട്ടാണു.

## 5. Yearning for New Creation ( പുതുക്കപ്പെടുന്ന സൃഷ്ടി: പോരാട്ടത്തിന്റെ ലക്ഷ്യം)

ഈ സംഭവം കൂടുതൽ ആഴത്തിൽ മനസ്സിലാക്കുവാൻ, വേദപുസ്തകത്തിൽ, പ്രത്യേകിച്ചു പഴയനിയമത്തിൽ, സമുദ്രവുമായുള്ള ബന്ധത്തിൽ ദൈവത്തെ എങ്ങനെയാണു ചിത്രികരിച്ചിരിക്കുന്നതു എന്നു അറിഞ്ഞിരിക്കുന്നതു ഉചിതമാണു. യഹൂദ മതം രൂപം കൊണ്ട പശ്ചിമേഷ്യൻ മത കാഴ്ചപ്പാടിൽ പ്രത്യുൽപ്പാദനത്തിന്റെയും ഇടിമിന്നലിന്റെയും ദേവനായ ബാലും കടലിന്റെയും കലാപത്തിന്റെയും ദേവനായ യാമും തമ്മിൽ ആധിപത്യം ഉറപ്പിക്കുവാൻ യുദ്ധം ചെയ്യുന്ന ഇടമായിരുന്നു സമുദ്രം. ഇവർ തമ്മിലുള്ള പോരാട്ടം മുറുകുമ്പോളാണു വലിയ ഇടിമുഴക്കവും മിന്നലും രാക്ഷസതിരമാലകളും ഉണ്ടാകുന്നതു എന്നു അവർ വിശ്വസിച്ചു. ഇങ്ങനെയുള്ള വിശ്വാസങ്ങൾ ഒരളവു വരെ യഹൂദരെയും സ്വാധീനിച്ചിരുന്നു. എങ്കിലും ആത്യന്തികമായി ആധിപത്യം ബാലിനൊ യാമിനൊ അല്ല, യഹോവയ്ക്കു മാത്രമാണെന്നു യഹൂദർ ഉറച്ചു വിശ്വസിച്ചു. അതുകൊണ്ടാണു, ദൈവത്തെ ആരാധിക്കുന്നതിനെ കുറിച്ചു പ്രതിപാദിക്കുന്ന 29-ാം സങ്കീർത്തനത്തിന്റെ 3-ും 4-ും വാക്യങ്ങളിൽ പറയുന്നതു, *"യഹോവയുടെ ശബ്ദം വെള്ളത്തിൻ മീതെ മുഴങ്ങുന്നു; പെരുവെള്ളത്തിൻ മീതെ യഹോവ, മഹത്വത്തിന്റെ ദൈവം തന്നെ ഇടിമുഴക്കുന്നു. യഹോവയുടെ ശബ്ദം ശക്തിയോടെ മുഴങ്ങുന്നു; യഹോവയുടെ ശബ്ദം മഹിമയോടെ മുഴങ്ങുന്നു."* യേശുവിന്റെ കാലത്തും വെള്ളത്തിന്റെയും പെരുവെള്ളങ്ങളുടെ മേലുമുള്ള പ്രകൃതിക്ഷോഭങ്ങളേ ഭയത്തൊടും വിറയലോടും യഹൂദ ജനത പോലും കണ്ടപ്പോൾ, വേദപുസ്തകം പറയുന്നു, കടലിന്റെ മേൽ അധികാരമുള്ള യേശുവിനെ കുറിച്ചും ക്രമരാഹിത്യത്തിൽ നിന്നും സംഘർഷത്തിൽ നിന്നും ക്രമവും ശാന്തതയും സൃഷ്ടിക്കുന്ന അവന്റെ അധികാരത്തെ കുറിച്ചും. ഒരർത്ഥത്തിൽ, ഒരു പുതിയ സൃഷ്ടിയെ കുറിച്ചുള്ള സൂചനയാണിവിടെ കാണുന്നതു.

ലേഖന ഭാഗമായ വെളിപ്പാടു 21 -ൽ ഒരു പുതിയ ആകാശത്തെയും പുതിയ ഭൂമിയേയും കുറിച്ചു സൂചിപ്പിച്ചിരിക്കുന്നതു നിലവിലുള്ള ഭൂമി പൂർണ്ണമായി നശിച്ചതിനു ശേഷമുള്ള ഒരു അവസ്ഥയേ കുറിച്ചല്ല. ഇവിടെ 'പുതിയ' എന്നതിനു ഒരു പുതിയ ഉൽപന്നത്തെ സൂചിപ്പിക്കുന്ന ***നിയോസ്*** എന്ന ഗ്രീക്ക് പദത്തിനു പകരം പുതുക്കപ്പെടുന്ന അവസ്ഥയേ സൂചിപ്പിക്കുന്ന ***കൈനെ*** എന്ന ഗ്രീക്ക് പദമാണു ഉപയോഗിച്ചിരിക്കുന്നതു. അതുകൊണ്ടു മറെറാരു ഭൂമിയെന്നല്ല, മറിച്ചു, പുതുക്കപ്പെടുന്ന ഭൂമി, രൂപന്തരപ്പെടുന്ന ഭൂമി, .അഥവ, ഒരു **പുതിയ/പുതുക്കിയ ക്രമം** എന്നതിനെ കുറിച്ചാണു ഇവിടെ പഠിപ്പിക്കുന്നതു. ഈ പുതിയ ഭൂമിയിൽ/ക്രമത്തിൽ ദൈവം തന്റെ കൂടാരം നമ്മുടെ മദ്ധ്യേ അടിച്ചു,

നമ്മോടൊപ്പം വസിക്കും എന്നു പറയുന്നു. വെളിപ്പാടു പുസ്തകം രചിക്കപ്പെടുമ്പോൾ സ്വന്തം ലാഭത്തിനായും നേട്ടത്തിനായും എല്ലാവരേയും പീഡിപ്പിച്ചും ചൂഷണം ചെയ്തും ജീവനേയും ജീവിതത്തെയും ഹനിക്കുന്ന അനീതിയുടെയും മരണത്തിന്റെയും അക്രമത്തിന്റെയും പ്രതീകമായ കൈസറിന്റെ റോമൻ ഭരണ ക്രമം ആയിരുന്നു. ഇതിനു  ഒരു മാററം വരുമെന്നും ക്രിസ്തുവിൽ ഉത്ഘാടനം ചെയ്യപ്പെട്ട് അവൻ രാജാവായി വാഴുന്ന ഒരു പുതിയ ക്രമം പൂർണ്ണമായി നിലവിൽ വരുമെന്നും വെളിപ്പാടു വ്യക്തമാക്കുന്നു. ഇന്നു സാമ്രാജ്യത്വ ശക്തികൾ ബാലിനേയും യാമിനേയും കൈസറേയും റോമൻ വ്യവസ്ഥിതിയേയും പോലെ  ആധിപത്യം സ്ഥാപിച്ചു കലാപവും അക്രമവും ചൂഷണവും അഴിച്ചു വിട്ടു ദൈവത്തിന്റെ സൃഷ്ടിയായ ഈ ഭൂമിയെ നിർമ്മൂലമക്കുവാൻ മൽസരിക്കുമ്പോൾ ദൈവം അവയെ ശാസിക്കുകയും ശാന്തമാക്കുകയും തന്നെ ചെയ്യും. അതിനായി കാത്തിരിക്കുവാനും പ്രയത്നിക്കുവാനും സഭയ്ക്കു സാധിക്കണം. ഇതൊരു പോരാട്ടമാണു. ഈ പോരാട്ടത്തിൽ നാം നിലകൊള്ളേണ്ടതു ബാലിന്റെയും യാമിന്റെയും കൈസറുടെയും പക്ഷത്തല്ല ദൈവത്തിന്റെ പക്ഷത്തു മാത്രമാണു. വഴി ഒന്നു മാത്രം. **ക്രിസ്തു.** ലക്ഷ്യം ഒന്നു മാത്രം. **രൂപാന്തരം**, അഥവാ **പുതുക്കം.**

**സംഗ്രഹം**

ഈ പരിസ്ഥിതി ഞായറാഴ്ച വിശുദ്ധ ലൂക്കോസ് 8: 22-25 -നേ ആധാരമാക്കി നാം ചിന്തിച്ചതു *'സൃഷ്ടി ദൈവത്തിന്റെ മഹത്വത്തെ വർണ്ണിക്കുന്നു'* എന്നതു ഒരു പ്രസ്താവന മാത്രമല്ല, ഒരു വിശ്വാസ പ്രഖ്യാപനം കൂടെയാണെന്നാണു.. ഈ പ്രഖ്യാപനത്തിൽ 5 കാര്യങ്ങൾ അടങ്ങിയിരിക്കുന്നു.

**ഒന്നാമതു, G: *(God of Creation)*** സകലത്തെയും സൃഷ്ടിച്ചവനായ ദൈവത്തിനു മാത്രമാണു സകലത്തിന്റെയും മേൽ അധികാരമുള്ളതെന്നു വിശ്വസിക്കുക.

**രണ്ടാമതു, L: *(Littering Creation)*** നാം പ്രകൃതിയേ മലിനീകരിക്കുമ്പോൾ സൃഷ്ടാവായ ദൈവത്തെയും അവന്റെ മഹത്വത്തേയും നിന്ദിക്കുകയാണന്നു മനസിലാക്കുക.

**മൂന്നാമതു, O: *(Obligation to the Creation)*** പ്രകൃതിയേ കരുതുക എന്നാൽ മരങ്ങളേയും മൃഗങ്ങളേയും പക്ഷികളേയും കരുതുക എന്നതിനപ്പുറം പാരിസ്ഥിതിക സമൂഹങ്ങളോടൊപ്പം അവരുടെ സന്ധിയില്ലാ സമരങ്ങളിൽ പങ്കുചേരുകയാണന്നു തിരിച്ചറിയുക.

**നാലാമതു, R: *(Reemption of Creation)*** പരിസ്ഥിതി പ്രവർത്തനം നമ്മുടെ ആത്മീയ ശുശ്രൂഷയുടെ ഭാഗമാണന്നും എന്നാൽ അതു ദൈവത്തിന്റെ വിപുലമായ രക്ഷാ പദ്ധതിയുടെ ഭാഗമാണന്നും ഉൾക്കൊണ്ടു പ്രവർത്തിക്കുക.

**അഞ്ചാമതു,Y: *(Yearning for New Creation)*** ഈ ലോകത്തിന്റെ സാമ്രാജ്യത്വ ശക്തികൾ ഭൂമിയേ നശിപ്പിക്കുവാനും നിർമ്മൂലമാകുവാനും ശ്രമിക്കുമ്പോൾ അതിനെതിരേ ഉള്ള പോരാട്ടത്തിൽ ക്രിസ്തുവിനോടൊപ്പം അണിചേർന്നു പുതിയ ആകാശത്തിനായും പുതിയ ഭൂമിക്കായും യത്നിക്കുക.

അതിനു ദൈവത്തിന്റെ പരിശുദ്ധാത്മാവു നമ്മെ ഏവരേയും സഹായിക്കട്ടെ.

*ഇപ്പോൾ പിതാവായ ദൈവത്തിനും പുത്രനായ ദൈവത്തിനും പരിശുദ്ധാത്മാവായ ദൈവത്തിനും സകല ബഹുമാനവും മഹത്വവും കാലാവസാനം കൂടാതെ ഉണ്ടയിരിക്കട്ടെ.* ***ആമെൻ.***

**വിജി വർഗ്ഗീസ് ഈപ്പൻ**